മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 11

# വാർത്താക്കുറിപ്പ്

---

## ചെയർ പ്രൊഫസർ

മഹാത്മ ഗാന്ധി സർവകലാശാലയുടെ കെ. ആർ. നാരായണൻ ചെയർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആൻഡ് സോഷ്യൽ ജസ്റ്റിസ് പ്രൊഫസറായി പ്രമുഖ സാമൂഹ്യ ശാസ്ത്രജ്ഞനും പദ്മശ്രീ ജേതാവുമായ പ്രൊഫ. സുഖദേവ് തോറാട്ടിനെ നിയമിച്ചു. യു. ജി. സി ചെയർമാനായും (2006-2011) ഡൽഹി ICSSR ചെയർമാനായും (2011-2017) പ്രവർത്തിച്ചിട്ടുള്ള പ്രൊഫ.തോറാട്ട് അമേരിക്കയിലെ ബ്രണ്ടീസ് സർവകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസ്സറായും പ്രവർത്തിച്ചിട്ടുണ്ട്.കെ. ആർ. നാരായണൻ ചെയറിന്റെ കോ -ഓർഡിനേറ്റർ ആയി ഡോ. രാജേഷ് കോമത്ത് പ്രവർത്തിക്കും.

(പി.ആർ.ഒ./39/888/2022)

## സ്പോട്ട് അലോട്ട്മെന്റ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിൽ എം.എസ്.സി. മൈക്രോബയോളജി (എസ്.ടി. ഒന്ന്), ബയോകെമിസ്ട്രി (എസ്.ടി. ഒന്ന്) എന്നീ ഒഴിവുകളുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ യോഗ്യത സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകളുമായി ജൂലൈ 14 ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസിൽ എത്തിച്ചേരണം.

(പി.ആർ.ഒ./39/889/2022)

## സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലനം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിഗ്രി ലെവൽ പ്രിലിമിനറി പരീക്ഷക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സൗജന്യ പരീക്ഷാ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിമിതമായ സീറ്റുകളിലേക്ക് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ 0481-2731025 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/890/2022)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ ബി.കോം (2019, 2018, 2017 അഡ്മിഷനുകൾ - റീ-അപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) ജൂലൈ 2022 ബിരുദ പരീക്ഷകൾ ജൂലൈ 27 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/891/2022)

അഫിലിയേറ്റഡ് കോളേജുകളുടെ ഒന്നാം സെമസ്റ്റർ എം.എസ്.സി./ എം.കോം. / എം.എ. സി.എസ്.എസ്. (2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് - 2020, 2019 അഡ്മിഷനുകൾ - സപ്ലിമെന്ററി) ബിരുദാനന്തര ബിരുദ പരീക്ഷകൾ ജൂലൈ 20 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/892/2022)

## പരീക്ഷാ ഫീസ്

മൂന്നാം സെമസ്റ്റർ എം.എൽ.ഐ.ബി.ഐ.എസ്.സി. (2020 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ജൂലൈ 22 ന് ആരംഭിക്കും. പിഴയില്ലാതെ ജൂലൈ 13 വരെയും 525 രൂപ പിഴയോടു കൂടി ജൂലൈ 14 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജൂലൈ 15 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/893/2022)

## പ്രാക്ടിക്കൽ പരീക്ഷ

നാലാം സെമസ്റ്റർ എം.എഡ്. - സ്പെഷ്യൽ എഡ്യുക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ (2020 റീ-അഡ്്മിഷൻ) - റെഗുലർ / സപ്ലിമെന്ററി) ജൂലൈ 2022 പരീക്ഷയുടെ പ്രായോഗിക പരീക്ഷ ജൂലൈ 25 ന് മൂവാറ്റുപുഴ, നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എഡ്യുക്കേഷനിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/894/2022)

## പരീക്ഷാ ഫലം

2022 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എൽ.ഐ.ബി.ഐ.എസ്.സി. - പി.ജി.സി.എസ്.എസ്. (2020 അഡ്മിഷൻ - റെഗുലർ, 2019 അഡ്മിഷൻ - സപ്ലിമെന്ററി, 2016 അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ജൂലൈ 22 വരെ സർവ്വകലാശാലയിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/895/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
അനിൽകുമാർ ജി.